പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4445

25/06/2019-ൽ മറുപടിയ്ക്ക്

**കൈറ്റ് പദ്ധതി**

| ചോദ്യം<br>**ശ്രീ.സജി ചെറിയാൻ** | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റ് മുഖേന നടപ്പാക്കുന്ന അക്കാദമികവും ഭൗതികവുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റ് മുഖേന നടപ്പാക്കുന്ന അക്കാദമികവും ഭൗതികവുമായ പദ്ധതികൾ താഴെ പറയുന്നു<br><br>1. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി ഉപകരണങ്ങൾ വിതരണം ചെയ്തു<br><br>2. 4751 ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾ ഉൾപ്പെടെ 11765 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി<br><br>3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്<br><br>4. 5 കോടി രൂപ ഓരോ സ്കൂളിനും ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി<br><br>5. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 213 സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി<br><br>6. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനവും പഠന-ബോധന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര'വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു<br><br>7. ഹൈസ്കൂൾ ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു |
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

Nanditha J

**സെക്ഷൻ ഓഫീസർ**

| ASSEMBLY : CHENGANNUR | | | |
|---|---|---|---|
| Slno | School Code | Type | School Name |
| 1 | 36001 | GHS | Govt. H S S Ala |
| 2 | 36005 | GHS | Govt. Boys H S Chengannur |
| 3 | 36006 | GHS | Govt. Girls V H S S Chengannur |
| 4 | 36007 | AHS | St. Anne`s G H S S Chengannur |
| 5 | 36009 | AHS | D B H S Cheriyanad |
| 6 | 36010 | AHS | S V H S Cheriyanad |
| 7 | 36012 | AHS | Mahatma Girls H S Chennithala |
| 8 | 36014 | AHS | N S S H S Edanad |
| 9 | 36017 | AHS | S K V H S Kuttemperoor |
| 10 | 36021 | AHS | N S Boys H S S Mannar |
| 11 | 36023 | GHS | Govt. H S S Budhanoor |
| 12 | 36030 | GHS | Govt. V H S S Mulakuzha |
| 13 | 36031 | AHS | S H V H S Karakkad |
| 14 | 36032 | AHS | J M H S Kodukulanji |
| 15 | 36040 | AHS | S V H S Pandanad |
| 16 | 36041 | AHS | M H S S Puthencavu |
| 17 | 36043 | AHS | M T H S S Venmony |
| 18 | 36062 | AHS | L M H S Venmony |
| 19 | 36063 | GHS | Govt. H S S Angadical South |
| 20 | 36064 | GHS | Govt. H S Puliyoor |
| 21 | 36066 | GHS | Govt. H S S Thiruvanvandoor |
| 22 | 36067 | AHS | V H S S Kallissery |
| 23 | 36072 | AHS | S N Trust H S S Cheriyanad |
| 24 | 36073 | GHS | Govt. Mohammadens H. S, Kollakadavu |
| 25 | 4001 | GHSS | GOVT HSS, ALA, CHENGANNUR, ALAPPUZHA |
| 26 | 4014 | GHSS | GOVT HSS, THIRUVANVANDOOR, ALAPPUZHA |
| 27 | 4015 | GHSS | GOVT HSS, BUDHANOOR, ALAPPUZHA |
| 28 | 4026 | GHSS | GOVT VHSS,MULAKKUZHA,ALAPPUZHA |
| 29 | 4043 | AHSS | NS BHSS, MANNAR, ALAPPUZHA |
| 30 | 4057 | AHSS | MTM HSS,VENMANI,ALAPPUZHA |
| 31 | 4058 | AHSS | METROPOLITAN HSS,PUTHENKAVU,ALAPPUZHA |
| 32 | 4059 | AHSS | DBHSS,CHERIYANADU,ALAPPUZHA |
| 33 | 4102 | AHSS | SN TRUST HSS, CHERIYANAD, ALAPPUZHA |
| 34 | 4108 | AHSS | Mahatma Higher Secondary School for Boys, Chennithala, Alappuzha |
| 35 | 4110 | GHSS | GOVT HSS , PULIYOOR |
| 36 | 4124 | AHSS | SV HSS, Pandanadu |
| 37 | 903016 | AVHSS | VHSS Kallissery |
| 38 | 903001 | GVHSS | GVHSS Chengannur |
| 39 | 903010 | GVHSS | GVHSS Mulakkuzha |
| 40 | 36008 | AHS | Mahatma Boys H S Chennithala |
| 41 | 4017 | GHSS | GOVT HSS, ANGADIKKAL SOUTH,CHENGAANNUR, ALAPPUZHA |